(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ കെൽ, കെൽടെക് എന്നീ സ്ഥാപനങ്ങളുടെ മേധാവിയായിരുന്നപ്പോൾ അദ്ദേഹത്തിനെതിരെ എന്തെങ്കിലും അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വീഴ്ചകളെപ്പറ്റി ഹൈക്കോടതി, അക്കൗണ്ടന്റ് ജനറൽ, ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്, നിയമസഭാ സമിതി എന്നിവർ എന്തെങ്കിലും നിരീക്ഷണങ്ങളോ പരാമർശങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കേര വൃക്ഷങ്ങളുടെ മണ്ഡരിബാധ തടയുന്നതിനുള്ള മരുന്നുതളിയുടെ ചുമതല ഈ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) – (ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേശ്വരത്ത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ ആരംഭിക്കാൻ നടപടി

283 [1271] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരത്ത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗൺ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇത് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ക്ഷീരവിപണി ശക്തിപ്പെടുത്തുവാൻ നടപടി

284 [1272] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മാണശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ എവിടെയൊക്കെ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കേരളത്തിൽ പാലിന്റെ പ്രതിമാസ ഉൽപ്പാദനം എത്ര ലിറ്ററാണെന്നു ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ അത്രയും വിപണനം ചെയ്യാൻ കഴിയുന്നുണ്ടോയെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly